'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ ശ്രീ. സതീശൻ എരഞ്ഞിക്കൽ മീത്തൽ, പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ശ്രീ. ബിജു. റ്റി. തൈക്കണ്ടി എന്നിവർക്ക് കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഫണ്ടുപയോഗിച്ച് വീണ്ടും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.450/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/02/2020

---

പരാമർശം:- 1 കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16/10/2019ലെ കത്ത്.

2 06/12/2019ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.27 നമ്പർ തീരുമാനം.

**ഉത്തരവ്**

കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങി നൽകുന്നതിന് 30 ലക്ഷം രൂപ വകയിരുത്തി (വികസനഫണ്ട്) 2019-20ൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ ശ്രീ. സതീശൻ എരഞ്ഞിക്കൽ മീത്തൽ, പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ശ്രീ. ബിജു. റ്റി. തൈക്കണ്ടി എന്നിവർക്ക് 2013-ൽ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകിയിരുന്നു. ഇപ്പോൾ ഇത് ഉപയോഗ യോഗ്യമല്ല. മാർഗ്ഗരേഖ പ്രകാരം ഒരിക്കൽ സൈഡ്‌വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകിയാൽ 8 വർഷത്തേക്ക് ഇതേ ഉപകരണം വീണ്ടും നൽകാൻ അനുമതി നൽകാൻ പാടില്ല. ആയതിനാൽ 2013-ൽ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകിയിരുന്ന മേൽ രണ്ടുപേർക്കും വീണ്ടും സ്കൂട്ടർ വാങ്ങി നൽകുന്ന ത്തിനു അനുമതി നൽകണമെന്ന കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ആവശ്യം കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം ഒന്ന് പ്രകാരം ലഭ്യമാക്കുകയുണ്ടായി

സർക്കാർ ഈ വിഷയം 06/12/2019ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ച . ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഉപകരണങ്ങൾ ലഭിക്കാൻ നിലവിലെ മാർഗ്ഗരേഖ പ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾ ഇല്ലായെങ്കിൽ പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ ശ്രീ. സതീശൻ എരഞ്ഞിക്കൽ മീത്തൽ, പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ശ്രീ. ബിജു. റ്റി. തൈക്കണ്ടി എന്നിവർക്ക് കൂടി സഹായം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

ജില്ലാപഞ്ചായത്ത് സെക്രട്ടറി/ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

File No.DB4/307/2019-LSGD

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ